"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - കൊല്ലം കാരാളികോണം എസ് എസ് എം യു പി എസിലെ മാനേജർ ബഹു ഹൈ കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No. 19519/2021 കേസിലെ 20.9.2021 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.293/2022/പൊ.വി.വ തീയതി,തിരുവനന്തപുരം, 12/01/2022

---

പരാമർശം:-

1. കൊല്ലം കാരാളികോണം എസ് എസ് എം യു പി എസിലെ മാനേജർ സമർപ്പിച്ച 2.8.2021 ലെ ഹർജി (Ext P7 )

2. കൊല്ലം കാരാളികോണം എസ് എസ് എം യു പി എസിലെ മാനേജർ ഫയൽ ചെയ്ത WP(C) No. 19519/2021 കേസിലെ 20.9.2021 ലെ വിധിന്യായം

3.വെളിയം ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ5.11..2021 ലെ C/1844/2021 നമ്പർ കത്ത്.

4. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 3.12..2021 ലെ B1/3888/2021 നമ്പർ കത്ത്.

5 . പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22.12.2021 ലെ F4/9941/2021/DGE നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം കാരാളികോണം എസ് എസ് എം യു പി എസിലെ മാനേജർ ഫയൽ ചെയ്ത WP(C) No. 19519/2021 കേസിലെ 20.9.2021 ലെ വിധിന്യായ പ്രകാരം ഹർജിക്കാരൻ സമർപ്പിച്ച Ext P7 ഹർജിയിൽ ഹർജിക്കാരനെയും മറ്റു ബന്ധപ്പെട്ട കക്ഷികളെയും ഉചിത മാർഗേണ കേട്ട് തീരുമാനമെടുക്കാൻ സർക്കാരിന് നിർദേശം ലഭിക്കുകയുണ്ടായി . ഇതിന്റെ അടിസ്ഥാനത്തിൽ ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗൂഗിൾ മീറ്റ് വഴി 23.12.2021-ന് കേട്ടു.

2) ഹർജിക്കാരന്റെ Ext P7 ലെ വാദം ചുവടെ ചേർക്കുന്നു.

എ) The petitioner is the Manager of S.S.M.U.P School, Karalikonam. S.S.M.U.P School is a declared minority educational institution. In the year 2015, a Leave Without Allowance vacancy arose in the petitioner's School. This Leave without Allowance vacancy continued to exist in the next academic year as well. Since the staff fixation order allowed for the continuation of the post, the petitioner appointed Smt. Sajna.U on 01/06/2016 for a period of four years to the above vacancy in the school. The appointment of Smt. Sajna.U was for from 01/06/2016 to 12/11/2020.

ബി) At the time of her appointment, the Government had not issued any order restricting the Manager from making appointment in the school. The appointment order along with the necessary documents were sent to the Assistant Educational Officer, Veliyam for approval. After nearly nine months, the Assistant Educational Officer by order dated 23/03/2017, rejected the appointment order on the basis of the Govt. Circulars and orders stating that such appointment should be filled up from the teachers' bank.

സി) The petitioner filed an appeal against the order of the Assistant Educational Officer before the 2nd respondent, District Educational Officer. The appeal as well as rejected by the 2nd respondent by order dated 30/08/2017. The appeal was rejected by affirming the stand taken by the Assistant Educational Officer. A statutory revision was filed before the Government. That revision is pending consideration before the Government.

ഡി) While so, on 31/05/2017, a permanent vacancy arose in the school due to the retirement of Sri.B Asokan Nair, who was holding the post of Headmaster in the school. To this vacancy Smt. Sajna.U was appointed on 01/06/2017. The appointment orders along with necessary documents were forwarded to the Assistant Educational Officer, Veliyam for approval. The Assistant Educational Officer, on 03/03/2018, rejected to grant approval citing the amendment to Rule 7(3) of Chapter XXI of the KER.

ഇ) An appeal was preferred against the order of the Assistant Educational Officer before the 2nd respondent District Educational Officer, on 19/01/2019, the District Educational Officer rejected the appeal on the ground that in light of the amendment to the provisions of the KER, especially Chapter XXI Rule 7(3), all appointments to any vacancy in a school shall be filled up from protected teachers. Also, that to the post of Headmaster, which fell vacant on 31/05/2017, upon the Superannuation of Sri.B.Ashokan Nair, no new teachers have been appointed as Headmaster in the school.

എഫ്) This revision is filed challenging the order passed by the District Educational Officer dated 19/01/2019. It is respectfully submitted that, the reasoning would not stand judicial scrutiny. Pursuant to the order dated 19/01/2019, the Government has further clarified the position put arising to appointment of teachers in the school. As per the various orders and circulars issued by the Government pursuant to the impugned order, has taken a much leaner view on the amendment to

KER brought about in the year 2016.

ജി) As per the instruction issued by the Government from time to time, the petitioner has already issued a declaration before Govt. setting apart a vacancy for being filled up from amongst protected hand. Based on the aforementioned declaration, the Deputy Director of Education has already issued an order dated 19/01/2020 directing the appointment of a protected teacher in the petitioner's school. Smt. Geetha Devi.T (Pen No. 507918) is the protected teacher who is directed to be appointed in the petitioner's school. In light of the above, as per the present circular issued by the Govt., there are no legal impediments in approving the appointment of Smt. Sajna in the petitioner's school.

എച്ച്) As has already been stated, the petitioner's school is a declared minority educational institution. It is settled by any number of judgements of the Hon'ble High Court and the Apex Court that the right to appoint a Headmaster/Headmistress in a minority educational institution is vested upon the Manager of the School. This is an indefeasible right and as such cannot be taken away by bringing in an amendment to the KER. However Smt. D.Bindu, who is the senior most and qualified teacher who is promoted to the vacancy of Headmistress has relinquished her claim for appointment to the post. Such being the case, the petitioner was compelled to appoint a teacher in charge in the interregnum. This is will within the statutory right of the petitioner. As and when a suitable and a qualified teacher is available, the petitioner shall appoint the person as Headmaster.

ഐ) It is respectfully submitted that at present there is an ensuing vacancy in the school. Smt. Sajna.U was appointed to an established vacancy. All instructions issued by this authority as well as the other educational authorities has been complied with which making the appointment of Smt.Sajna. She is continuing to work from her date of appointment without pay. The delay in approaching the authority occasioned due to the ongoing pandemic and was neither wilful or deliberate.

It is therefore, prayed that this authority may be pleased to allow my revision and direct the approval of appointment of Smt. Sajna.

<u>3) കൊട്ടാരക്കര ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട്</u>

എ) വെളിയം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ അധികാര പരിധിയിലുള്ള കാരാളികോണം എസ് . എസ് . എം . യു . പി . എസ് പുതുതായി ഉയർത്തപ്പെട്ട സ്കൂളുകളുടെ വിഭാഗത്തിൽ പെടുന്നു . ടി സ്കൂളിലെ യു . പി . എസ് . റ്റി ശ്രീമതി . ഷീന . ആർ 13/11/15 മുതൽ 12/11/20 വരെ ശൂന്യവേതനാവധിയിൽ പ്രവേശിച്ച ഒഴിവിൽ ശ്രീമതി . സജ്ന . യു - നെ എൽ . പി . എസ് . റ്റി ആയി 01/06/16 മുതൽ 12/11/20 വരെ മാനേജർ നിയമിക്കുകയുണ്ടായി . <u>യു . പി . എസ് . റ്റി ഒഴിവിലേക്ക് മാനേജർ എൽ . പി . എസ് . റ്റി ആയാണ് ടിയാരിക്ക് നിയമന ഉത്തരവ് നൽകിയിരുന്നത്.</u> 05/08/16-ലെ സ . ഉ . നം . 134/2016/ പൊ . വി . വ , 09/11/16- ലെ സർക്കുലർ നം . 951951/ ജെ 2/2016/ പൊ .

വി . വ , 03/12/16- ലെ സ . ഉ . നം . 199/16/ പൊ . വി . വ എന്നീ ഉത്തരവുകൾ പ്രകാരം പുതുതായി അപ്ഗ്രേഡ് ചെയ്ത വിഭാഗത്തിൽപ്പെട്ട സ്കൂളുകളിലെ എല്ലാ ഒഴിവുകളിലും സംരക്ഷിതാദ്ധ്യാപകരെ നിയമിക്കുവാനാണ് നിർദ്ദേശിച്ചിരിക്കുന്നത് എന്നതിനാൽ വെളിയം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23/03/17- ലെ സി / 1317/2016 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത നിയമനം നിരസിച്ചു. ഇതിനെതിരെ മാനേജർ ഈ കാര്യാലയത്തിൽ സമർപ്പിച്ച അപ്പീൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി ശരിവച്ചുകൊണ്ട് 13/09/17- ലെ ബി 1/2772/17/ അ . തീ ഉത്തരവ് പ്രകാരം നിരസിക്കുകയുണ്ടായി .

ബി) തുടർന്ന് ടി സ്കൂളിലെ പ്രഥമാദ്ധ്യാപകനായിരുന്ന ശ്രീ . ബി . അശോകൻ നായർ 31/05/17- ൽ വിരമിച്ച ഒഴിവിൽ ശ്രീമതി . സജ്ന . യു - നെ യു . പി . എസ് . റ്റി ആയി മാനേജർ നിയമിക്കുകയുണ്ടായി . പ്രഥമാദ്ധ്യാപകനായിരുന്ന ശ്രീ . അശോകൻ നായർ വിരമിച്ച ഒഴിവിലേക്ക് മാനേജർ സീനിയോറിറ്റി അനുസരിച്ച് മറ്റ് അദ്ധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകാതെ പ്രഥമാദ്ധ്യാപകന്റെ വിരമിക്കൽ ഒഴിവിലേക്ക് ശ്രീമതി . സജ്ന . യു - നെ യു . പി . എസ് . റ്റി ആയി നിയമിച്ചത് വ്യവസ്ഥാപിത ഒഴിവിൽ അല്ലാത്തതിനാലും 03/12/16- ലെ സ . ഉ . 199/16 പ്രകാരം പുതുതായി ഉയർത്തപ്പെട്ട സ്കൂളുകളിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കണമെന്നതിനാലും വെളിയം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിക്കുകയുണ്ടായി . തുടർന്ന് മാനേജർ ഈ കാര്യാലയത്തിൽ അപ്പീൽ സമർപ്പിച്ചു. മേൽ കാരണങ്ങളാൽ തന്നെ മാനേജർ ഈ കാര്യാലയത്തിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ 19/01/19- ലെ ബി 1/2909/18 നമ്പർ ഉത്തരവ് പ്രകാരം നിരസിക്കുകയുണ്ടായി .

4) <u>**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും റിപ്പോർട്ട് ചുവടെ ചേർക്കുന്നു .**</u>

എ) വെളിയം വിദ്യാഭ്യാസ ഉപജില്ലയുടെ പരിധിയിലുള്ള കാരാളിക്കോണം എസ് . എസ് . എം . യു . പി . എസ് പുതുതായി അപ്ഗ്രേഡ് ചെയ്ത സ്കൂളുകളുടെ വിഭാഗത്തിൽപെടുന്നു . ടി സ്കൂളിലെ യു . പി . എസ് . റ്റി . ശ്രീമതി ഷീന ആർ . 13/11/2015 മുതൽ 12/11/2020 വരെ ശൂന്യവേതനാവധിയിൽ പ്രവേശിച്ച ഒഴിവിൽ ശ്രീമതി സജ്ന യു - വിനെ എൽ . പി . എസ് . എ ആയി 01/06/2016 മുതൽ 12/11/2020 വരെ മാനേജർ നിയമിക്കുകയുണ്ടായി . നിലവിൽ <u>ഒഴിവ് യു . പി . എസ് . റ്റി തസ്തികയിൽ നിലനിൽക്കുമ്പോൾ മാനേജർ സജ്ന യു - വിനെ എൽ . പി . എസ് . റ്റി ആയിട്ടാണ് നിയമന ഉത്തരവ് നൽകിയിരിക്കുന്നത് .</u> പ്രസ്തുത നിയമനം 05/08/2016- ലെ സർക്കാർ ഉത്തരവ് നം . 134/2016/ പൊ . വി . വ . 09/11/2016- ലെ ഗവൺമെന്റ് സർക്കുലർ നം . 951951/ ജെ 2/2016/ പൊ . വി . വ 03/12/2016- ലെ ഗവൺമെന്റ് ഉത്തരവ് നം . 199/2016/ പൊ . വി . വ എന്നീ ഉത്തരവുകളിൽ പുതുതായി ആരംഭിച്ച അപ്ഗ്രേഡ് ചെയ്ത വിഭാഗത്തിൽപ്പെട്ട സ്കൂളുകളിലെ എല്ലാ ഒഴിവുകളിലും സംരക്ഷിതാദ്ധ്യാപകരെ നിയമിക്കുവാനാണ് നിർദ്ദേശിച്ചിരിക്കുന്നത് എന്ന കാരണത്താലും കാരാളികോണം എസ് . എസ് . എം . യു . പി . എസ് . പുതുതായി അപ്ഗ്രേഡ് ചെയ്ത വിഭാഗത്തിൽപ്പെടുന്നതിനാലും ഈ ആഫീസിൽ നിന്നുള്ള 23/03/2017 ലെ നടപടി ഉത്തരവ് നം . സി / 1317/2016 പ്രകാരം നിരസിക്കുകയുണ്ടായി . ഈ ഉത്തരവിനെതിരെ മാനേജർ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നൽകിയ അപ്പീലും ഈ കാര്യാലയത്തിലെ നടപടിക്രമം ശരിവച്ചും മേൽ ഉത്തരവുകൾ ഇപ്പോഴും നിലനിൽക്കുന്നു എന്ന കാരണത്താലും 13/09/2017 ലെ ബി 1/2772/2017/ അ . തീ ഉത്തരവിലൂടെ നിരസിക്കുകയുണ്ടായി .

ബി) തുടർന്ന് ടി സ്കൂളിലെ പ്രഥമാദ്ധ്യാപകനായിരുന്ന ശ്രീ . ബി . അശോകൻ നായർ 31/05/2017 ൽ വിരമിച്ച ഒഴിവിൽ 01/06/2017 മുതൽ ശൂന്യവേതനാവധിയിൽ തുടർന്നുവന്ന ശ്രീമതി സജ്ന . യു - വിനെ യു . പി . എസ് . റ്റി . യായി മാനേജർ നിയമിക്കുകയുണ്ടായി . പ്രഥമാദ്ധ്യാപകനായിരുന്ന ശ്രീ . ബി . അശോകൻ നായർ വിരമിച്ച ഒഴിവിലേയ്ക്ക് മാനേജർ സീനിയോറിറ്റി അനുസരിച്ച്

പ്രഥമാദ്ധ്യാപകനായി പ്രൊമോഷൻ നൽകാതെ പ്രഥമാദ്ധ്യാപകന്റെ വിരമിക്കൽ ഒഴിവിലേയ്ക്ക് ശ്രീമതി . സജ്ന യു . - വിന്റെ നിയമന അംഗീകാരത്തിന് അപേക്ഷിച്ചത് വ്യവസ്ഥാപിതമായി ഒഴിവ് നിലവിലില്ലാത്തതിനാലും കൂടാതെ ഈ സ്കൂൾ പുതുതായി അപ്ഗ്രേഡ് ചെയ്ത വിഭാഗത്തിൽ ആയതിനാൽ 03/12/2016- ലെ ഗവൺമെന്റ് ഉത്തരവ് നം . 199/2016 പ്രകാരം സംരക്ഷിതാദ്ധ്യാപകരെ നിയമിക്കണമെന്നതിനാലും ശ്രീമതി . സജ്ന യു - വിന്റെ നിയമനാംഗീകാരം നിരസിക്കുകയുണ്ടായി . മാത്രവുമല്ല ടി സ്കൂളിലെ പ്രഥമാദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് ശ്രീമതി . ഗീതാദേവി റ്റി , യു . പി . എസ് . റ്റി ഫയൽ ചെയ്തിരുന്ന ഹർജികൾ ബഹു . ഹൈക്കോടതിയുടെ പരിഗണനയിലുമായിരുന്നു . ശ്രീമതി . റ്റി ഗീതാദേവി 31/05/2020- ൽ വിരമിക്കുകയുണ്ടായി .

സി) കാരാളിക്കോണം എസ് . എസ് . എം . യു . പി . എസ് 22/05/1979 ന ശേഷം അപ്ഗ്രേഡ് ചെയ്ത സ്കൂളാണ് . 03/12/2016 ലെ ഗവൺമെന്റ് ഉത്തരവ് നം . 199/2016 പ്രകാരം കെ . ഇ . ആർ അദ്ധ്യായം XXI ചട്ടം 7(3) ൽ വരുത്തിയ ഭേദഗതി നിയമമനുസരിച്ച് കെ . ഇ . ആർ അദ്ധ്യായം XIV A, ചട്ടം 43, 51 എ , 51 ബി അവകാശികൾക്ക് ഒഴികെയുള്ള എല്ലാ ഒഴിവുകളും 29/01/2016 മുതൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടതിനു പകരം മാനേജർ 01/06/2017 മുതൽ പുതിയ നിയമനം നടത്തിയിരിക്കുന്നു . മാത്രവുമല്ല , സ്കൂളിൽ നിന്ന് പ്രഥമാദ്ധ്യാപകനായി 31/05/2017- ൽ വിരമിച്ച ശ്രീ . അശോകൻ നായരുടെ ഒഴിവിൽ പ്രഥമാദ്ധ്യാപകനായ ആർക്കും തന്നെ സ്ഥാനക്കയറ്റം നൽകി സ്ഥിരമായി നിയമിക്കാതെ പകരം പ്രഥമാദ്ധ്യാപകന്റെ അധിക ചുമതല ഒരു അദ്ധ്യാപകന് നൽകിയിട്ട മാത്രമാണുള്ളത് . ഇക്കാരണങ്ങളാൽ തന്നെ ശ്രീമതി . സജ്ന യു . വിനെ നിയമിക്കുവാൻ സ്ഥാപിത ഒഴിവ് നിലിവിലില്ല . ആയതിനാൽ ശ്രീമതി . സജ്ന യു - വിന്റെ 01/06/2017 മുതലുള്ള യു . പി . എസ് . റ്റി തസ്തികയിലെ നിയമനം അംഗീകരിക്കണമെന്ന മാനേജരുടെ അപ്പീൽ ഉത്തരവ് നം. ബി 1/2909/2018/ അ . തീ തീയതി 19/01/2019 പ്രകാരം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചു.

ഡി) തുടർന്ന് 08/03/2019 ലെ ജെ 2/57/2019/ പൊ . വി . വ നമ്പർ സർക്കുലറും അനുബന്ധ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ , ടി സ്കൂളിൽ നിന്നും 31/05/2020 ൽ ശ്രീമതി . റ്റി . ഗീതാദേവി , യു . പി . എസ് . റ്റി വിരമിച്ചതിനാൽ 01/06/2020 മുതൽ നിലവിൽ വന്ന സ്ഥിരം ഒഴിവിൽ ഒരു സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുന്നതിന് മാനേജർ 18/08/2020 ൽ സമ്മതപത്രം നൽകുകയുണ്ടായി . ഈ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ നെട്ടവള്ളൂർ ഡി . വി . യു . പി . എസ് - ലെ സംരക്ഷിതാദ്ധ്യാപികയായ ശ്രീമതി . ഗീതാദേവി റ്റി ( പെൻ നം . 507918) യെ അദ്ധ്യയന വർഷം ആരംഭിച്ച് റഗുലർ ക്ലാസ്സുകൾ തുടങ്ങുന്ന മുറയ്ക്ക് മാത്രം എസ് . എസ് . എം . യു . പി . എസ് കാരാളിക്കോണത്ത് പ്രവേശിക്കുന്നതിലേയ്ക്കായി 19/01/2021- ലെ ബി 1/8459/2020/ ഡി . ഡി . ഇ നമ്പർ ഉത്തരവിലൂടെ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവായി . ലോക്ഡൗൺ മൂലം സംരക്ഷിതാദ്ധ്യാപിക സ്കൂളിൽ പ്രവേശിക്കാത്തതിനെ തുടർന്ന് ടി സ്കൂളിൽ 01/06/2016 മുതൽ നിയമിതയായി നിയമനാംഗീകാരം ലഭിക്കാതിരുന്ന എൽ . ജി സംസ്കൃതം ( പി . റ്റി ) അദ്ധ്യാപിക ശ്രീമതി . രാഖി സി . ആർ ന്റെ നിയമനം അംഗീകരിക്കുന്നതിലേയ്ക്കായി മാനേജർ 06/02/2021- ലെ ജി . ഒ ( പി ) നം . 4/2021/ പൊ . വി . വ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം സത്യപ്രതിജ്ഞ ഹാജരാക്കുകയും ശ്രീമതി . രാഖി . സി . ആർ ന്റെ നിയമനം അംഗീകരിക്കുകയുമുണ്ടായി . 15/07/2021 മുതൽ സംരക്ഷിതാദ്ധ്യാപിക ശ്രീമതി . ഗീതാദേവി റ്റി , യു . പി . എസ് . എ സ്കൂളിൽ ജോയിൻ ചെയ്ത് ജോലിയിൽ തുടർന്ന് വരുന്നതായും റിപ്പോർട്ട് ചെയ്തുകൊള്ളുന്നു .

5) മേൽ വിവരിച്ച വസ്തുതകൾ ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ,

ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ചുവടെപ്പറയുന്ന വിധം പരിശോധിച്ചു:-

ഒന്ന്) ഹർജിക്കാരന്റെ <u>Ext P7 റിവിഷൻ</u> തീർപ്പാക്കുന്നതിനാണ് കോടതി നിർദ്ദേശമുള്ളത്. ഈ റിവിഷൻ ചട്ടം 12 പ്രകാരം സർക്കാരിൽ ഫയൽ ചെയ്യുന്നു എന്നാണ് റിവിഷനിലുള്ളത്. എയ്ഡഡ് സ്കൂളായതിനാൽ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ ബാധകമാണ്. അതിലെ ഏത് അദ്ധ്യായത്തിലെ ചട്ടം 12 പ്രകാരം സർക്കാരിൽ ഈ റിവിഷൻ ഫയൽ ചെയ്യപ്പെട്ടതെന്നു വ്യക്തമല്ല. അതിനാൽ അവ്യക്തമായ ചട്ടവ്യവസ്ഥ ഉദ്ധരിച്ചുള്ള ഒരു റിവിഷൻ സർക്കാരിൽ നിലനിൽക്കില്ല.

രണ്ട്) എന്നിരുന്നാലും, Ext P7 റിവിഷൻ തീർപ്പാക്കുന്നതിനു ബഹു: ഹൈക്കോടതി വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം റിവിഷനിലെ ആവശ്യം പരിശോധിക്കുമ്പോൾ ആയത് ശ്രീമതി. സജ്ന.യു എന്ന അദ്ധ്യാപികയുടെ രണ്ടു തരം നിയമനങ്ങൾ അംഗീകരിക്കുന്ന വിഷയം അടിസ്ഥാനമാക്കിയാണെന്നു കാണുന്നു:-

**i ) യു.പി.എസ്.റ്റി ശ്രീമതി. ഷീന.ആർ 13/11/15 മുതൽ 12/11/20 വരെ ശൂന്യവേതനാവധിയിൽ പ്രവേശിച്ച ഒഴിവിൽ ശ്രീമതി. സജ്ന.യു-നെ എൽ.പി.എസ്.റ്റി ആയി 01/06/16 മുതൽ 12/11/20 വരെ നടത്തിയ നിയമനം.**

ii ) പ്രഥമാദ്ധ്യാപകനായിരുന്ന ശ്രീ.ബി.അശോകൻ നായർ 31/05/2017 ൽ വിരമിച്ചതുമൂലം ഉണ്ടായ ഒഴിവിലേയ്ക്ക് സീനിയോറിറ്റി അനുസരിച്ച് പ്രഥമാദ്ധ്യാപകനായി പ്രൊമോഷൻ നൽകാതെ പ്രഥമാദ്ധ്യാപകന്റെ അധിക ചുമതല ഒരു അദ്ധ്യാപകന് നൽകിയശേഷം ശ്രീമതി സജ്ന.യു - വിനെ 01/06/2017 മുതൽ യു.പി.എസ്.റ്റി.യായി നടത്തിയ നിയമനം.

മൂന്ന്) മേല്പറഞ്ഞവയിൽ ഒന്നാമത്തേത് അവധി ഒഴിവിലെ നിയമനമാണ്. കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം.7(4) പ്രകാരം ഒരു അക്കാദമികവർഷത്തിൽ കൂടുതൽ ദൈർഘ്യമുള്ള അവധി ഒഴിവുകൾ 29.1.2016 മുതൽ ചട്ടപ്രകാരമുള്ള അവകാശികളില്ലാത്തപക്ഷം പ്രൊട്ടക്റ്റഡ് റ്റീച്ചർമാരെ വച്ചു നികത്തണം. ഇവിടെ അവധി ഒഴിവിന്റെ ദൈർഘ്യം ഒരു അക്കാദമികവർഷത്തിൽ കൂടുതലാണ്. ശ്രീമതി സജ്ന ഒരു ചട്ടപ്രകാരമുള്ള അവകാശിയല്ല. കൂടാതെ, യു.പി.എസ്.റ്റി ഒഴിവിലേയ്ക്ക് എൽ.പി.എസ്.റ്റി ആയാണ് നിയമനം നല്കിയിരിക്കുന്നത്. ഇപ്രകാരം ശ്രീമതി സജ്നയുടെ 01/06/2016 മുതൽ 12/11/2020 വരെയുള്ള നിയമനം ചട്ടവിരുദ്ധമാണെന്നതിനാൽ അംഗീകാരയോഗ്യമല്ല. അതുകൊണ്ട്, ആയതു നിരസിച്ച വിദ്യാഭ്യാസ അധികാരികളുടെ നടപടി ശരിവയ്ക്കത്തക്കതാണ്.

നാല്) രണ്ടാമത്തേത്, 01/06/2017 മുതൽ ശ്രീമതി സജ്നയെ യു.പി.എസ്.റ്റി.യായി നിയമിച്ചതാണ്. ശ്രീ പി.കെ. രാജേഷ് എന്ന അദ്ധ്യാപകൻ 4 വർഷമായി റ്റീച്ചർ-ഇൻ-ചാർജ് ആയിരുന്നെന്നും ഇപ്പോൾ പ്രഥമാദ്ധ്യാപകനായി പ്രൊമോട്ടു ചെയ്യപ്പെട്ടിട്ടുണ്ടെന്നും 4 വർഷമായി റ്റീച്ചർ-ഇൻ-ചാർജ് ആയിരുന്നതിനാൽ പകരമായി ഒരു വ്യവസ്ഥാപിത യു.പി.എസ്.റ്റി.ഒഴിവ് സ്കൂളിലുണ്ടെന്നും അതിലേയ്ക്കാണ് താൻ ശ്രീമതി സജ്നയെ 01/06/2017 മുതൽ യു.പി.എസ്.റ്റി.യായി നിയമിച്ചിട്ടുള്ളതെന്നും അതുകൊണ്ട് പ്രസ്തുത നിയമനം അംഗീകരിക്കത്തക്കതാണെന്നും **മാനേജർ വാദിച്ചിട്ടുണ്ട്.** കൂടാതെ, പ്രസ്തുത സ്കൂളിൽ 2 2 അദ്ധ്യാപകരുണ്ടെന്നും അതിലൊരാളായാണ് ശ്രീമതി സജ്നയെ നിയമിച്ചതെന്നും മാനേജർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സ്കൂളിൽ 2 2 അദ്ധ്യാപകരുണ്ടായിരിക്കെ, അതിൽ നിന്നൊരാളെ നിലവിലുള്ള ചട്ടപ്രകാരം എന്തുകൊണ്ട് പ്രഥമാദ്ധ്യാപക തസ്തികയിലേയ്ക്കു റഗുലറായി നിയമിച്ചില്ലെന്നതിന് മാനേജരുടെ റിവിഷനിലോ ഹിയറിങ് കുറിപ്പുകളിലോ വ്യക്തമായ പരാമർശമില്ല. കോടതി വ്യവഹാരം നിലനില്ക്കുന്നെന്ന പരാമർശം മാത്രമേ അവയിൽ നല്കിക്കാണുന്നുള്ളൂ. എന്നാൽ, അതിന്റേതായ യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല. ഒരു സ്കൂളിലെ

പ്രഥമാദ്ധ്യാപക തസ്തികയെന്നത് ഭരണപരമായും അക്കാദമികപരമായും പ്രാധാന്യം അർഹിക്കുന്നതായിരിക്കെ, ആയത് 4 വർഷത്തിലേറെയായി നികത്താതിരുന്ന മാനേജറുടെ നിലപാട്, അതിനെ സാധൂകരിക്കുന്നവിധം കോടതി സ്റ്റേ ഉണ്ടെന്നോ ആരെയും പ്രഥമാദ്ധ്യാപകനായി നിയമിക്കരുതെന്ന് കോടതി വിലക്ക് ഉണ്ടെന്നോ മാനേജർ വ്യക്തമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ, അംഗീകരിക്കത്തക്കതല്ല. ഒഴിവുണ്ടായാലുടൻ തന്നെ നിലവിലുള്ള നിർദ്ദേശങ്ങൾ പ്രകാരം അത് നികത്താൻ മാനേജർ ബാദ്ധ്യസ്ഥനാണെന്ന കെ.ഇ.ആർ അദ്ധ്യായം XIV A ലെ ചട്ടം. 1 നോടൊപ്പം, പ്രഥമാദ്ധ്യാപകനിയമനം നല്കാതിരിക്കുന്നത് ശിക്ഷാർഹമാണെന്ന കെ.ഇ.ആർ അദ്ധ്യായം III ലെ ചട്ടം. 7(4)(b) ചേർത്തുവായിക്കുമ്പോൾ മാനേജറുടെ ഈ നിലപാട് ചട്ടവിരുദ്ധമാണെന്ന് വിലയിരുത്തുന്നു. മാനേജർ നടത്തിയതായി സൂചിപ്പിക്കുന്ന റ്റീച്ചർ-ഇൻ-ചാർജ് നിയമനം യഥാർത്ഥത്തിൽ നടത്തേണ്ടത് കെ.ഇ.ആർ അദ്ധ്യായം XIV A ലെ ചട്ടം. 45C(6) പ്രകാരമാണ്. ചട്ടം. 45C(6) അനുസരിച്ച്, ചട്ടം. 45C(1) ൽ പ്രതിപാദിച്ച വിധം താല്ക്കാലികമായി പ്രഥമാദ്ധ്യാപകനെ നിയമിക്കാനായില്ലെങ്കിൽ മാത്രമേ ചട്ടം. 45C(6) യിലെ വ്യവസ്ഥകളിലേയ്ക്ക് കടക്കേണ്ടതുള്ളൂ. ഇവിടെ, ഇതുസംബന്ധമായ പരിശോധനകൾ നടത്തിയതിന്റെ യാതൊരു വിശദാംശങ്ങളും മാനേജർ ഹാജരാക്കിയിട്ടില്ല. മാത്രമല്ല, കെ.ഇ.ആർ അദ്ധ്യായം XIV A ലെ ചട്ടം. 1 പ്രകാരം ഒരു നിയമനം നടത്തിയാൽ ഉടൻ തന്നെ ചട്ടം. 7 പ്രകാരം ഫോം.27-ൽ മാനേജർ ഒരു നിയമന ഉത്തരവ് നല്കേണ്ടതും, തുടർന്ന്, ചട്ടം. 8(1) പ്രകാരം 15 ദിവസത്തിനുള്ളിൽ അതിന്റെ അംഗീകാരത്തിനായി പ്രൊപ്പോസൽ വിദ്യാഭ്യാസ ഓഫീസർക്ക് ലഭ്യമാക്കേണ്ടതുമാണ്. ഇവിടെ, ശ്രീ പി.കെ. രാജേഷ് ന്റെ റ്റീച്ചർ-ഇൻ-ചാർജ് നിയമനം സംബന്ധിച്ച പ്രൊപ്പോസൽ മാനേജറുടെ 04.03.2021-ലെ അപേക്ഷ വഴിയാണ് വിദ്യാഭ്യാസ ഓഫീസർക്ക് ലഭ്യമാക്കിയതെന്നും, ആയത് പരിഗണിച്ച്, 05.03.2021-ലെ നടപടിക്രമത്തിലൂടെ വെളിയം ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ ശ്രീ പി.കെ. രാജേഷിന് റ്റീച്ചർ-ഇൻ-ചാർജ് ചുമതല നല്കി ഉത്തരവായതെന്നും കാണുന്നു. അങ്ങനെയിരിക്കെ, ശ്രീ പി.കെ. രാജേഷിന് റ്റീച്ചർ-ഇൻ-ചാർജ് ആയി നിയമിച്ചതിന്റെ ഫലമായി 4 വർഷത്തിനു മുമ്പേ ഒഴിവുണ്ടായെന്നും അതിലേയ്ക്കാണ് താൻ ശ്രീമതി സജ്നയെ 01/06/2017 മുതൽ യു.പി.എസ്.റ്റി.യായി നിയമിച്ചിട്ടുള്ളതെന്നും അതുകൊണ്ട് പ്രസ്തുത നിയമനം അംഗീകരിക്കത്തക്കതാണെന്നും ഉള്ള മാനേജറുടെ വാദം വസ്തുതകൾക്ക് നിരക്കാത്തതായും അടിസ്ഥാനരഹിതമായും ബോദ്ധ്യപ്പെടുന്നു. ഈ സാഹചര്യത്തിൽ ശ്രീമതി സജ്നയുടെ 01/06/2017 മുതലുള്ള നിയമനം നടത്തുന്നതിന് തത്സമയം വ്യവസ്ഥാപിത ഒഴിവില്ലാത്തതിനാൽ ആയത് നിരസിച്ച വിദ്യാഭ്യാസ അധികാരികളുടെ നടപടി ശരിവയ്ക്കത്തക്കതാണ്.

6) മേല്പറഞ്ഞ വസ്തുതകളുടെയും നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ Ext P7 റിവിഷൻ നിരസിച്ച് തീർപ്പാക്കി അപ്രകാരം പരാമർശം (2) കോടതി വിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്.വി
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.

പൊതു വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര , കൊല്ലം

ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വെളിയം , കൊല്ലം

മാനേജർ, എസ് എസ് എം യു പി എസ് കാരാളികോണം , ആയൂർ ,കൊല്ലം

ശ്രീമതി സജ്ന യു, യു പി എസ് ടി,എസ് എസ് എം യു പി എസ് കാരാളികോണം , ആയൂർ ,കൊല്ലം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shahna Kumari S
L
Date: 25-01-2022 10:31:40
Reason: Approved

സെക്ഷൻ ഓഫീസർ